## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1935 — 22.01.2014 - ലെ മറുപടിക്ക്

**വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുൻഗണനാക്രമം പാലിച്ച് റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.ബി.. അബ്ദുൾ റസാക് | | | ശ്രീ. ഉമ്മൻചാണ്ടി<br>ബഹു. മുഖ്യമന്ത്രി |
| (എ) | സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് അപേക്ഷ സ്വീകരിച്ചതുമുതൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുവരെയുള്ള നടപടിക്രമം പൂർത്തിയാക്കാൻ എത്ര സമയമെടുത്തു; | (എ) | സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേക്ക് വിജ്ഞാപനം ക്ഷണിച്ചത് 31.07.2012 നും ഒ.എം.ആർ. പരീക്ഷ നടന്നത് 05.01.2013 നുമാണ്. നേരിട്ടുള്ള നിയമനത്തിനായുള്ള റാങ്ക്ലിസ്റ്റ് 08.04.2013 നും തസ്തികമാറ്റ നിയമനത്തിനായുള്ള റാങ്ക്ലിസ്റ്റ് 09.04.2013 നും പ്രാബല്യത്തിൽ വന്നു. മേൽ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ 8 മാസം 9 ദിവസം സമയമെടുത്തു. |
| (ബി) | വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുൻഗണനാ ക്രമം പാലിച്ച് റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ; | (ബി) | വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുൻഗണനാ ക്രമത്തിലല്ല റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. ചോദ്യപേപ്പർ തയ്യാറാക്കുന്ന വിദഗ്ദ്ധരുടെ ലഭ്യത, പരീക്ഷാകേന്ദ്രങ്ങളുടെ ലഭ്യത ഇവ കണക്കിലെടുത്താണ് ഓരോ തസ്തികയിലേക്കുമുള്ള പരീക്ഷാ തീയതികൾ തീരുമാനിക്കുന്നതും തുടർന്ന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതും. |
| | 5 വർഷത്തിന് മുമ്പ് വിജ്ഞാപനം പുറപ്പെടുവിച്ച ശേഷം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്ത എത്ര തസ്തികകൾ ഉണ്ട് ; അവ ഏതെല്ലാം എന്നറിയിക്കുമോ ? | (സി) | 2005 - ൽ 1 തസ്തിക<br>Vocational Instructor in Printing Technology (VHSE)<br>2007 - ൽ 3 തസ്തിക<br>1. weaver (Jail)<br>2. Lecturer in Violin(Collegiate Education),<br>3. Draftsman Grade 2 (Museum & Zoo)<br>2008 - 4 തസ്തിക<br>1. Fireman Driver Cum Pump Operator (Fire & Rescue)<br>2. Instrument Mechanic (Kerala Electrical Inspectorate)<br>3. Lecturer in Physical Education (Collegiate Education),<br>4. Assistant Factory Mechanic (Pharmaceutical Corporation, Kerala) |

സെക്ഷൻ ഓഫീസർ